"ഭരണഭാഷ-മാതൃഭാഷ"

**DWCD/1781/2023-ICDSB9**

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 16-07-2026
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- നിയമസഭാസമിതി ശിപാർശ -അങ്കണവാടി ജീവനക്കാരുടെ നിയമനം - സംവരണ റൊട്ടേഷൻ കർശനമായി പാലിക്കുന്നത് - മാർഗ്ഗനിർദേശം പുറപ്പെടുവിക്കുന്നത് - -സംബന്ധിച്ച്:-

സൂചന:- 8/6/2026 ലെ WCD-B2/169/2026-WCD നം സർക്കാർ കത്ത്

കോട്ടയം സ്വദേശിനി ശ്രീമതി. രേഖാമണി സമർപ്പിച്ച ഹർജി പരിഗണിച്ചുകൊണ്ട്, കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി വനിതാ ശിശു വികസന വകുപ്പിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട് അതീവ പ്രാധാന്യമുള്ള ഒരു നിർദേശം സൂചന പ്രകാരം അറിയിച്ചിട്ടുണ്ട്. അങ്കണവാടികളിൽ നിയമനം നടത്തുമ്പോൾ സംവരണ റൊട്ടേഷൻ കൃത്യമായി പാലിക്കാത്തപക്ഷം അർഹതയുള്ളവർക്ക് തൊഴിൽ നഷ്ടപ്പെടുന്നതിനും, അർഹതയില്ലാത്തവർ ജോലിയിൽ പ്രവേശിക്കുന്നതിനും ഇടയാക്കുമെന്നും, അത്തരം സാഹചര്യങ്ങൾ പൂർണ്ണമായും ഒഴിവാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അതീവ ജാഗ്രത പാലിക്കണമെന്നും സമിതി നിർദേശിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ, സർക്കാരിൽ നിന്നുള്ള സൂചന കത്തിലെ നിർദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് മാത്രമേ ഇനിവരുന്ന അങ്കണവാടി നിയമന നടപടികളുമായി മുന്നോട്ട് പോകാൻ പാടുള്ളൂ എന്ന് അറിയിക്കുന്നു. നിയമനങ്ങളിൽ യാതൊരുവിധ വീഴ്ചകളും വരാത്ത രീതിയിൽ സംവരണ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കേണ്ടതും, സംവരണ അട്ടിമറികൾ ഉണ്ടാകുന്നില്ലെന്ന് അതത് പ്രോജക്ട് ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതുമാണ് എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി

ഉള്ളടക്കം - സൂചന സർക്കാർ കത്ത്